

THURSDAY 23/04/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/04/2026

1. വരൾച്ചമൂലം കാർഷികവിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾറൂമുകൾ തുറന്നു. കൃഷി നാശ നഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കർഷകർക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാം.

| ക്രമ.നം. | ജില്ലയുടെപേര് | PAO | DDC Personal |
|---|---|---|---|
| 1 | **Thiruvananthapuram** | 9447051142 | 9447242977 |
| 2 | **Kollam** | 9446843427 | 9447349503 |
| 3 | **Pathanamthitta** | 9383470900 | 9446157485 |
| 4 | **Alappuzha** | 9447676414 | 9447789261 |
| 5 | **Kottayam** | 9747519815 | 9447376143 |
| 6 | **Idukki** | 9383470826 | 9447222166 |
| 7 | **Ernakulam** | 9383471179 | 9497678634 |
| 8 | **Thrissur** | 9383471600 | 9446549273 |
| 9 | **Palakkad** | 9383471700 | 9447364599 |
| 10 | **Malappuram** | 7012731058 | 9400796353 |
| 11 | **Kozhikode** | 9446366196, 9447582810 | 9656495737 |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

| | | | |
|---|---|---|---|
| 12 | **Wayanad** | 9495143422 | 9895720558 |
| 13 | **Kannur** | 9445201095 | 9619047251 |
| 14 | **Kasaragod** | 9400816278 | 9562186292 |

2. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മഞ്ഞള്ളൂർ പഞ്ചായത്തിലെ മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ രണ്ട് മാസം പ്രായം കഴിഞ്ഞ സങ്കരയിനത്തിൽപ്പെട്ട ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ ഇന്ന് രാവിലെ 9 മുതൽ വാഴക്കുളം മൃഗാശുപത്രിയിൽ വച്ച് വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9847311547.

3. വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള യൂണിവേഴ്സിറ്റി പൗൾട്ടി & ഡക്ക് ഫാമിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എല്ലാ ആഴ്ചയും വ്യാഴം, വെള്ളി ദിവസങ്ങളിൽ വില്പന നടത്തുന്നു. നൂറു കുഞ്ഞുങ്ങൾക്ക് മേൽ വാങ്ങാൻ ആഗ്രഹിക്കുന്നവർക്കും, എല്ലാ ഇനം കൊത്തുമുട്ടകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർക്കും മുൻകൂർ പണമടച്ച് ബുക്കിങ് സൗകര്യവും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495771178, 0487– 2371178 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും നിർമാണം എന്ന വിഷയത്തിൽ ഈ മാസം 27ന് രാവിലെ ഒമ്പതു മുതൽ വെള്ളായണി കാർഷിക കോളജിലെ സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് അവസരം. പരിശീലന ഫീസ് 500 രൂപ. . രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കുമായി 8891540778 എന്ന വാട്സ്ആപ് നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 15 മെയ് 2026. 15

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൂൺ 2026-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദേശം

കേരളത്തിൽ താപനില ഉയർന്നു തന്നെ നിൽക്കുകയാണ്. കേരളത്തിൽ അപൂർവ്വമായി സംഭവിക്കുന്ന ഉഷ്ണതരംഗം പാലക്കാട് ജില്ലയിലും തൃശ്ശൂർ ജില്ലയിലും റിപ്പോർട്ട് ചെയ്ത് കഴിഞ്ഞു. നിലവിലെ സാഹചര്യത്തിൽ മെയ് ആദ്യ വാരം വരെ ചൂടും ആർദ്രതയും കൂടി നിൽക്കുന്ന അന്തരീക്ഷാവസ്ഥ തുടരാനാണ് സാധ്യത.

ഈ പശ്ചാത്തലത്തിൽ കാർഷികരംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും പ്രതിപാദിക്കുന്നു.

കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ളസമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**വേനൽക്കാലഉഴവ്** :-

മേൽമണ്ണ്ചെറുതായിഇളക്കിയിടുന്നതുവേനൽമഴയിൽ നിന്നുംലഭിക്കുന്ന ജലം മണ്ണിൽതന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരുമാർഗ്ഗമാണ്. ഇതിനായി തെങ്ങിൻതോപ്പുകളിലും മറ്റുംവേനൽക്കാലഉഴവ് അനുവർത്തിക്കാം. വേനൽമഴലഭിച്ചതിനുശേഷം പയർവർഗ്ഗവിളകൾവിതയ്ക്കുന്നതുംഏറെഗുണംചെയ്യും.

**വിവിധവിളകൾക്കുള്ള പ്രത്യേകശുപാർശകൾ**

**1.കമുക്**

- കമുകിൻ തടികളിൽ, പ്രത്യേകിച്ച്സൂര്യപ്രകാശം നേരിട്ട്തട്ടുന്ന സ്ഥലങ്ങിൽ കുമ്മായം പൂശുക
- കണികജലസേചന രീതി ( 15–20 ലിറ്റർ / ഒരു ദിവസംകമുകൊന്നിന്) അവലംബിക്കുക
- കമുകിൻ തടങ്ങളിൽകരിയിലയുംമറ്റും ഉപയോഗിച്ച് പുതയിടുക
- കമുകിൻ തൈകൾക്ക് തണൽ കൊടുക്കേണ്ടതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**2. കുരുമുളക്**

• ഒരാഴ്ചഇടവിട്ടുള്ളജലസേചനം, തടങ്ങളിൽ പുതയിടൽതുടങ്ങിയവ അനുവർത്തിക്കുക

• ചെറിയകൊടികൾക്ക് തണൽ നൽകേണ്ടതാണ്.

• കണികജലസേചനരീതികഴിയുന്നതുംഅവലംബിക്കുക. കടുത്ത വരൾച്ച അനുഭവപ്പെടുന്ന മേഖലയിൽചെടികളിൽഇടയ്ക്കുവെള്ളംതളിച്ചുകൊടുക്കുന്നത് നന്നായിരിക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം